പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1874 — 04.12.2018-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. ബസ്സുകളിലെ മ്യൂസിക് സിസ്റ്റം

ചോദ്യം — ശ്രീ.സി.മമ്മൂട്ടി

മറുപടി — ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ ഘടിപ്പിച്ചിരിക്കുന്ന മ്യൂസിക് സിസ്റ്റം ആദ്യം കുറച്ച് ദിവസം ബസ്സിൽ നിലനിർത്തുകയും ക്രമേണ സിസ്റ്റം അപ്പാടെ അപ്രത്യക്ഷമാകുകയും ചെയ്യുന്ന പ്രവണത വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇക്കാര്യത്തിൽ ഉന്നത ഉദ്യോഗസ്ഥർ നടപടി സ്വീകരിക്കാത്തതുമൂലം ഇതിന്റെ മോഷണം വർദ്ധിക്കുന്ന വസ്തുത ഗൗരവമായി കാണുന്നുണ്ടോ; മ്യൂസിക് സിസ്റ്റം കാണാതായാൽ കെ.എസ്.ആർ.ടി.സി. ഉദ്യോഗസ്ഥർ സ്ഥലം പോലീസ് സ്റ്റേഷനിൽ പരാതി നൽകാറുണ്ടോ; | (ബി) | കെ.എസ്.ആർ.ടി.സി.യുടെ സ്ഥാവരജംഗമ വസ്തുക്കൾക്കുണ്ടാകുന്ന ഏതൊരു നഷ്ടവും കളവും ശ്രദ്ധയിൽപ്പെട്ടാൽ ഇതു സംബന്ധിച്ച് പോലീസിൽ പരാതി നൽകി നിയമനടപടി സ്വീകരിച്ചു വരുന്നുണ്ട്. |
| (സി) | ഇത്തരത്തിലുള്ള എത്ര പരാതികൾ സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ കെ.എസ്.ആർ.ടി.സി. മുഖേനയോ അല്ലാതെയോ നൽകിയിട്ടുണ്ട്; ഈ പരാതികളിൽ എത്ര എണ്ണത്തിന്മേൽ പോലീസ് അന്വേഷണം | (സി) | തിരുവനന്തപുരം സിറ്റി യൂണിറ്റിൽ ഡോക്ക് ചെയ്തിരുന്ന ചില A/C Low floor ബസുകളിൽ നിന്നും സ്റ്റീരിയോ മ്യൂസിക് സിസ്റ്റം നഷ്ടപ്പെട്ടതുമായി ബന്ധപ്പെട്ടുള്ള പരാതിയിന്മേൽ കെ.എസ്.ആർ.ടി.സി വിജിലൻസ് അന്വേഷണം നടത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | നടത്തിയതായി അറിവ് ലഭിച്ചിട്ടുണ്ട്; | | ഇതിനോടനുബന്ധിച്ച് തിരുവനന്തപുരം ഫോർട്ട് പോലീസ് സ്റ്റേഷനിൽ പരാതി സമർപ്പിച്ചിട്ടുണ്ട്. |
| (ഡി) | അന്വേഷണഫലമായി നഷ്ടപ്പെട്ട എത്ര മ്യൂസിക് സെറ്റുകൾ തിരികെ ലഭിച്ചുവെന്ന് അറിയിക്കുമോ; ഇനിയും കണ്ടു കിട്ടാനുള്ളവ എത്രയാണ്; നഷ്ടപ്പെട്ട മ്യൂസിക് സെറ്റുകൾ കണ്ടെടുക്കണമെന്ന നിലപാട് സർക്കാരിനുണ്ടോ; എങ്കിൽ അതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ; | (ഡി) | ഈ വിഷയവുമായി ബന്ധപ്പെട്ട് പോലീസ് സ്റ്റേഷനിൽ പരാതി നൽകിയിട്ടുള്ളതും പോലീസ് അന്വേഷണം നടന്നുവരുന്നതുമാണ്. |
| (ഇ) | കെ.എസ്.ആർ.ടി.സി. ബസ്സുകളിലെ മ്യൂസിക് സിസ്റ്റം നഷ്ടപ്പെട്ടാൽ മിക്കപ്പോഴും ഉദ്യോഗസ്ഥർ പോലീസിൽ പരാതിപ്പെടാതിരിക്കുന്നതിനാൽ മോഷണം വർദ്ധിക്കുന്നതായുള്ള വസ്തുത അതീവ ഗൗരവമായി കാണുമോയെന്ന് അറിയിക്കുമോ? | (ഇ) | കെ.എസ്.ആർ.ടി.സി ബസുകളിൽ നിന്നുള്ള മ്യൂസിക് സിസ്റ്റത്തിന്റെ മോഷണം വർദ്ധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ശ്രദ്ധയിൽപ്പെടുന്ന പക്ഷം അതീവ ഗൗരവമായി കണ്ട് നടപടി സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**